ഉത്തരം

(എ) നിലവിൽ ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ അധികാര പരിധിയിലുള്ള പ്രശ്നങ്ങൾ, അതായത് മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് എന്നീ ജില്ലകളും, തൃശ്ശൂർ ജില്ലയുടെ ഒരു ഭാഗവും എറണാകുളം ജില്ലയുടെ ഫോർട്ടു കൊച്ചി പ്രദേശവുമാണ് മലബാർ ദേവസ്വം ബില്ലിന്റെ പരിധിയിൽ വരുന്നത്.

(ബി) ഉണ്ട്.

(സി) മലബാർ ദേവസ്വം ബിൽ നിയമസഭയുടെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. സെലക്ട് കമ്മിറ്റിയുടെ തെളിവെടുപ്പ് കഴിഞ്ഞ് റിപ്പോർട്ടു സമർപ്പിച്ചശേഷം സഭ പ്രസ്തുത റിപ്പോർട്ടും ബില്ലും പരിഗണിച്ച് തീരുമാനമെടുക്കുന്നതാണ്.

ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങൾ

55 (2503) ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നറിയിക്കാമോ ;

(ബി) വളരെ ശോച്യാവസ്ഥയിലുള്ള ക്ഷേത്രങ്ങളെ പുനരുദ്ധരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1207 ക്ഷേത്രങ്ങളും കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിൽ 390 ക്ഷേത്രങ്ങളും ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതക്ക് അനുസരിച്ച് ദേവസ്വം ബോർഡുകൾ നേരിടും. ക്ഷേത്ര ക്ഷേമ സമിതികൾ മുഖേനയും ശോച്യാവസ്ഥയിലുള്ള ക്ഷേത്രങ്ങൾ പുനഃരുദ്ധരിക്കുന്നുണ്ട്.

എച്ച്. ആർ. ഇ. കമ്മീഷണറിൽനിന്നും സാമ്പത്തിക സഹായം തേടുന്ന ക്ഷേത്രങ്ങൾ

56 (2504) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പനങ്ങാട്, നന്മമണ്ട, ബാലുശ്ശേരി, ഉള്ള്യേരി, അത്തോളി, തലകുളത്തൂർ, എലത്തൂർ പഞ്ചായത്തുകളിലെ ഏതെങ്കിലും ക്ഷേത്രത്തിന് ഗവൺമെന്റിൽനിന്നോ എച്ച്. ആർ. ഇ കമ്മീഷണറിൽ നിന്നോ എന്തെങ്കിലും സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ ; എങ്കിൽ സംഖ്യയും ക്ഷേത്രങ്ങളുടെ പേരും അടങ്ങുന്ന ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) അത്തരം സാമ്പത്തികസഹായം നൽകുന്നത് ഏത് മാനദണ്ഡം അനുസരിച്ചാണ് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly